**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2537** — **09/03/2017-ൽ മറുപടിയ്ക്ക്.**

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാലിത്തീറ്റയ്ക്ക് എത്ര പ്രാവശ്യം വില വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1/10/2016 ലും 16/01/2017 ലുമായി രണ്ടു തവണ 50 കിലോ കാലിത്തീറ്റ ചാക്കൊന്നിന് 10/- രൂപ വീതം വില വർദ്ധിപ്പിച്ചിട്ടുണ്ട്.<br>പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വില 12/01/2017 മുതൽ 50 കിലോ ചാക്കൊന്നിന് 75 രൂപയും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | കാലിത്തീറ്റ സബ് സിഡിയായി ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് വിതരണംചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; പാലിന്റെ വിലയിൽ ഉണ്ടായ വർദ്ധനവിന്റെ നേട്ടം കർഷകന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ക്ഷീരസംഘങ്ങൾ മുഖേന കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് 1 ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകൾ മുഖേന ഡിപ്പാർട്ട്മെന്റ് സബ്സിഡിയ്ക്ക് പുറമെ ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ കാലിതീറ്റ സബ്സിഡി കർഷകർക്ക് നൽകുന്നതിനും അനുമതിയുണ്ട്. നിലവിൽ സംസ്ഥാനത്തെ ഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>പാലിന്റെ വിലയിൽ ഉണ്ടായ വർദ്ധനവിന്റെ നേട്ടം കർഷകന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.